പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4114 — 21.07.2015 ൽ മറുപടിയ്ക്ക്

## ലളിതകലാ അക്കാഡമിയുടെ ആർട്ട് ഗ്യാലറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ | കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി |
| (എ) ലളിതകലാ അക്കാഡമിയുടെ ആർട്ട് ഗ്യാലറികൾ ആരംഭിക്കാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) കേരള ലളിതകലാ അക്കാദമിയുടെ കീഴിൽ 9 ആർട്ട് ഗ്യാലറികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലെ പുതിയ പദ്ധതിയായ 'സഞ്ചരിക്കുന്ന ആർട്ട് ഗ്യാലറി' നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ചിത്ര ശിൽപ്പകലാ പരിപോഷണത്തിന് ദൃശ്യ അവബോധം സൃഷ്ടിക്കുക, എക്സിബിഷനുകളും മറ്റു കലാപ്രവർത്തനങ്ങളും സംഘടിപ്പിക്കുക എന്നിവ കൊണ്ട് ജനങ്ങളിൽ സാംസ്കാരിക ഉന്നതി സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം പുതിയ പദ്ധതിയായ 'സഞ്ചരിക്കുന്ന ആർട്ട് ഗ്യാലറി', ചിത്രകലയെ പൊതുസമൂഹത്തിലേയ്ക്ക് എത്തിക്കുന്നതിന് അവസരം ഒരുക്കുന്നതിന് വേണ്ടിയാണ്. ആർട്ട് ഗ്യാലറി എത്തിച്ചേരുന്ന സ്ഥലങ്ങളിൽ ചിത്രപ്രദർശനത്തോടൊപ്പം ചിത്രകലയെക്കുറിച്ചുള്ള സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കും. |
| (സി) പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സാംസ്കാരിക സംഘടനകളുമാണ് പദ്ധതിയുമായി സഹകരിക്കുന്നത് |
| (ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | (ഡി) പുതിയ പദ്ധതിയായ 'സഞ്ചരിക്കുന്ന ആർട്ട് ഗ്യാലറി' സജ്ജമാക്കുന്നതിന് വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ